## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം 2017 ജനവരി 27 വെള്ളിയാഴ്ച്ച
## സി. കെ. എം. എച്ച്. എസ്. എസ്. കോരുത്തോട്
## റിപ്പോർട്ട്

17-01-2017- 3 പി. എം. ന് സ്കൂൾ പി. റ്റി. എ, S M C യോഗം ചേർന്ന് "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം " സംഘാടക സമിതി രൂപീകരിച്ചു. പ്രദേശത്തെ സാംസ് കാരിക സംഘടനകൾ, വിദ്യാഭ്യാസപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുടെ ലിസ്റ്റ് തയ്യാറാക്കി യഥാസമയം തന്നെ അറിയിപ്പുകൾ നൽകി. 23-01-17 ന് സ്കൂൾ പി. റ്റി. എ, S M C യോഗം ചേർന്ന് പ്രാദേശിക തലത്തിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. 24-01-17 ന് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ബാനർ പ്രദർശിപ്പിച്ചു. 25-01-17 ന് SCHOOL RED CROSS, N S S, S P C, SCOUT തുചങ്ങിയ സംഘടനകളിലെ കുട്ടികൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച്, തരംതിരിച്ച്, ക്രമീകരിച്ചു. മേൽപറഞ്ഞ സംഘടനാ കൺവീനർമാരായ അദ്ധ്യാപകർ അവർക്ക് നേതൃത്വം നല്കി.

27-01-2017 വ്യഴാഴ്ച കൃത്യം 9.45 a. m ന് തന്നെ സ്കൂളിലെ U P, H S, H S S വിഭാഗം കുട്ടികളെ ഉൾപ്പെടുത്തി സ്കൂൾ അസംബ്ലി നടത്തി. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിൻറ്റെ ആവശ്യകതയെക്കുറിച്ച് ബോധവല് ക്കരണം നടത്തി. സ്കൂൾ അസംബ്ലിയിൽ മുഖ്യപ്രഭാക്ഷണം നടത്തിയ സ്കൂൾ പ്രിൻസിപ്പാൾ GREEN PROTOCOL നടപ്പിലാക്കുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നല്കി പ്രസ്തുത യജ്ഞത്തിന് ആശംസകൾ നേർന്ന് സംസാരിച്ചു.

പ്രസ്തുത പരിപാടിയിൽ പങ്കെടുക്കാൻ എത്തിചേർന്ന സ്കൂളിൻറ്റെ അഭ്യുതയ കാംക്ഷികളായ എല്ലാ വ്യക്തികളെയും 10-55 a.m ന് തന്നെ വിളിച്ചുചേർത്ത് സംരക്ഷണ വലയം രൂപീകരിച്ച്, പ്രതിജ്ഞ ചൊല്ലി 11-30 a.m ന് കാര്യപരിപാടികൾ അവസാനിപ്പിച്ചു.